# Malayala Manorama
# 27 August 2018
# Chellanam, Backwaters Flooded



ചെല്ലാനം പഞ്ചായത്തിലെ വാൽമുതുകിൽ കായൽ വെള്ളം ഇറങ്ങിയപ്പോൾ വീടുകളിലേക്കു തിരിച്ചെത്തിയ വീട്ടമ്മമാർ.

## വീട്ടിലും വിട്ടുമാറാതെ ദുരിതം

ചെല്ലാനം • കായൽ വെള്ളം ഉയർന്നതിനെ തുടർന്ന് ദുരിതാശ്വാസ ക്യാംപിലായിരുന്നവർ ക്യാംപിൽ നിന്നു തിരിച്ചെത്തിയത് തീരാദുരിതത്തിലേക്ക്. വാൽമുതുക് പ്രദേശത്ത് 29 കുടുംബങ്ങളാണ് വെള്ളം ഉയർന്നതിനെ തുടർന്ന് ക്യാംപിൽ അഭയം പ്രാപിച്ചത്.

ഓണത്തിനു മുൻപ് ഇവർ വീടുകളിൽ തിരിച്ചെത്തിയെങ്കിലും പലർക്കും വീട്ടിൽ താമസിക്കാൻ കഴിഞ്ഞിട്ടില്ല. പലരും വീടും പറമ്പും സ്വന്തമായി വൃത്തിയാക്കിയെങ്കിലും ദുരിതങ്ങളുടെ കഥകൾ മാത്രമാണ് ഇവർക്കു പറയാനുള്ളത്.

വീട് വെള്ളത്തിൽ മുങ്ങിയപ്പോൾ വീട്ടുപകരണങ്ങളും കുട്ടികളുടെ പുസ്തകങ്ങളും നഷ്ടമായെന്ന് ആട്ടിപ്പറമ്പിൽ ക്ലാര മാത്യു പറഞ്ഞു. പലരും ബന്ധുവീടുകളിലേക്കു മാറിയിരിക്കുകയാണ്. ഓണാഘോഷം അടുത്ത തവണത്തേക്കു മാറ്റി വീടുകൾ വൃത്തിയാക്കുന്നതിനുള്ള തിരക്കിലായിരുന്നു വീട്ടുകാരെല്ലാം.